# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **2915**

**15.12.2015 ൽ മറുപടിക്ക്**

### ഓപ്പൺ സ്കൂളിലെ ജീവനക്കാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) ഓപ്പൺ സ്കൂളിൽ നിന്നും നിലവിലുള്ള ജീവനക്കാരെ ആരെയെങ്കിലും പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ പുനഃസംഘടിപ്പിച്ച് നിലവിൽ സ്വതന്ത്ര സ്ഥാപനമായ സ്കോൾ കേരളയാക്കി മാറ്റിയിട്ടുള്ള സാഹചര്യത്തിൽ ജീവനക്കാരുടെ കാര്യം സ്കോൾ കേരളയുടെ ആദ്യ കൗൺസിൽ തീരുമാനിക്കുന്നതായിരിക്കും. |
| (ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; ഇവർ എത്രകാലമായി ജോലി ചെയ്യുന്നവരാണ്; | (ബി) 12 ഡെപ്യൂട്ടേഷൻ ജീവനക്കാരും 63 താല്ക്കാലിക ജീവനക്കാരുമുണ്ട്. 61 താല്ക്കാലിക ജീവനക്കാരിൽ ഒന്നര വർഷം മുതൽ പതിനാല് വർഷം വരെ പ്രവൃത്തി പരിചയമുള്ളവരുണ്ട്. ഇവർ ദിവസ വേതന/ കൺസോളിഡേറ്റഡ് വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. |
| (സി) പുതിയ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നോ; എതെല്ലാം തസ്തികകളിലേക്ക് എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചത്; | (സി) എസ്.സി.ഇ.ആർ.ടി. ഓപ്പൺ സ്കൂൾ സ്ഥാപനങ്ങളിലേക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. തസ്തികകളുടെ വിശദാംശങ്ങൾ (അനുബന്ധം) ചുവടെ ചേർക്കുന്നു. ഓപ്പൺ സ്കൂളിലേക്ക് ജില്ലാ കോഡിനേറ്റർ, കോഡിനേറ്റർ റിസർച്ച് ആന്റ് ഡോക്യുമെന്റേഷൻ, അക്കാദമിക് അസോസിയേറ്റ്, സ്റ്റേറ്റ് കോഡിനേറ്ററുടെ പി. എ., എക്സിക്യൂട്ടീവ് അസിസ്റ്റന്റ്, കംപ്യൂട്ടർ അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ്. ഓപ്പൺ സ്കൂളിലേക്കും എസ്.സി.ഇ.ആർ.ടിയിലേക്കും കൊമേർസ്യൽ അക്കൗണ്ടന്റ് സിസ്റ്റം അനലിസ്റ്റ്, ലയ്സൺ ഓഫീസർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, റിസപ്ഷനിസ്റ്റ്, ഡ്രൈവർ, പ്യൂൺ, സ്വീപ്പർ. എസ്.സി.ഇ.ആർ.ടിയിലേക്ക് ലൈബ്രറി അസിസ്റ്റന്റ്, പ്രിന്റർ, ബൈൻഡർ. നിലവിൽ ഒഴിവുള്ളതും ഭാവിയിൽ ഉണ്ടാകുന്നതുമായ ഒഴിവിലേക്കാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. |
| (ഡി) പുതിയ നിയമനത്തിന് എഴുത്തു പരീക്ഷ നടത്തിയിരുന്നോ; തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നോ; ഇതു സംബന്ധിച്ച് പരാതി ഉയർന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) എഴുത്തു പരീക്ഷ നടത്തിയിരുന്നു. എഴുത്തു പരീക്ഷയുടെ മൂല്യ നിർണ്ണയം എൽ.ബി.എസ് നടത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് ബഹു. ലോകായുക്തക്ക് നൽകിയ പരാതിയിന്മേൽ കഴമ്പില്ല എന്ന് കാണിച്ച് ബഹു.ലോകായുക്ത കേസ് തള്ളിയിട്ടുണ്ട് |

| | |
|---|---|
| (ഇ) ക്രമക്കേട് നടന്ന എന്ന് ആരോപണമുള്ള ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) എഴുത്തു പരീക്ഷ സുതാര്യമാണെന്ന് ബഹു. ലോകായുക്ത കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ സ്റ്റോൾ കേരളയുടെ ജനറൽ കൗൺസിലാണ് ഇത് സംബന്ധിച്ച തീരുമാനമെടുക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

# നോട്ടിഫിക്കേഷൻ

(ബഹു. കേരള ഹൈക്കോടതി ഓർഡർ W.P(C) Nos. 6925 & 7020, 2012 പ്രകാരം)

എസ്.സി.ഇ.ആർ.ടിയിലും കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലും നിലവിൽ ഒഴിവുള്ളതും ഭാവിയിൽ ഉണ്ടാകുന്നതുമായ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലെ തസ്തികകൾ

| തസ്തിക | യോഗ്യത | പ്രായപരിധി |
|---|---|---|
| 1 ജില്ലാകോഡിനേറ്റർ<br>വിവിധ ജില്ലാകേന്ദ്രങ്ങൾ | അംഗീകൃത സർവ്വകലാശാല ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദവും ബി.എഡും, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ രണ്ട് വർഷത്തിൽ കുറയാതെയുള്ള അദ്ധ്യാപന പരിചയം. വിദൂര വിദ്യാഭ്യാസ മേഖലയിൽ യോഗ്യത / പരിചയം അഭിലഷണീയം. | 41 വയസ് കവിയാൻ പാടില്ല |
| 2. കോഡിനേറ്റർ<br>റിസർച്ച് & ഡോക്യുമെന്റേഷൻ | അംഗീകൃത സർവ്വകലാശാല ബിരുദാനന്തര ബിരുദം, സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ റിസർച്ച് / അക്കാദമിക് പ്രവർത്തനങ്ങളിൽ ചുരുങ്ങിയത് 5 വർഷത്തെ പ്രവർത്തി പരിചയം | 41 വയസ് കവിയാൻ പാടില്ല |
| 3. അക്കാദമിക് അസോസിയേറ്റ് | അംഗീകൃത സർവ്വകലാശാല ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദവും ബി.എഡും, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഒരു വർഷത്തിൽ കുറയാതെയുള്ള അദ്ധ്യാപന പരിചയം. വിദൂര വിദ്യാഭ്യാസ മേഖലയിൽ യോഗ്യത / പരിചയം അഭിലഷണീയം. | 41 വയസ് കവിയാൻ പാടില്ല |
| 4. സ്റ്റേറ്റ് കോഡിനേറ്ററുടെ പി.എ. | അംഗീകൃത സർവ്വകലാശാല ബിരുദം, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഭരണ നിർവ്വഹണ രംഗത്ത് മൂന്ന് വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാനം നിർബന്ധം | 36 വയസ് കവിയാൻ പാടില്ല |

| തസ്തിക | യോഗ്യത | പ്രായപരിധി |
|---|---|---|
| 5. എക്സിക്യൂട്ടീവ് അസിസ്റ്റന്റ് | അംഗീകൃത സർവ്വകലാശാല ബിരുദം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഭരണ നിർവ്വഹണ രംഗത്ത് രണ്ട് വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം | 36 വയസ് കവിയാൻ പാടില്ല |
| 6. കമ്പ്യൂട്ടർ അസിസ്റ്റന്റ് | അംഗീകൃ സർവ്വകലാശാല ബിരുദവും, അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഡി.സി.എ./ഡി.ടി.പി. സർട്ടിഫിക്കറ്റും; സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ഡി.ടി.പി. രംഗത്ത് മൂന്ന് വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം. | 36 വയസ് കവിയാൻ പാടില്ല |
| 7. ക്ലറിക്കൽ അസിസ്റ്റന്റ് | എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം. സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ രണ്ട് വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം. കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം. | 36 വയസ് കവിയാൻ പാടില്ല |

എസ്.സി.ഇ.ആർ.ടിയിലേയും കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലേയും തസ്തികകൾ

| | | |
|---|---|---|
| 8. കൊമേഴ്സ്യൽ അക്കൗണ്ടന്റ് | അംഗീകൃത സർവ്വകലാശാല ബി.കോം ബിരുദവും, സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും നേടിയ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ടാലി ഉൾപ്പെടെ) സർട്ടിഫിക്കറ്റും, 3 വർഷത്തെ പ്രവർത്തി പരിചയവും | 36 വയസ് കവിയാൻ പാടില്ല |
| 9. സിസ്റ്റം അനലിസ്റ്റ് | അംഗീകൃത സർവ്വകലാശാല ബി.ടെക്/എം.സി.എ./എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നിവയിൽ ഒന്നിൽ നേടിയ സെക്കന്റ് ക്ലാസ്സിൽ കുറയാത്ത ബിരുദവും; സർക്കാർ അംഗീകൃത ഐ.ടി. പ്രൊജക്ടിൽ 1 വർഷത്തെ പ്രവർത്തി പരിചയവും | 36. വയസ് കവിയാൻ പാടില്ല |
| 10. ലൈസൺ ഓഫീസർ | അംഗീകൃത സർവ്വകലാശാല ബിരുദവും, നിയമ ബിരുദവും | 36 വയസ് കവിയാൻ പാടില്ല |

| തസ്തിക | യോഗ്യത | പ്രായപരിധി |
|---|---|---|
| 11. ഡാറ്റാ എൻട്രി ഓപ്പറേറ്റർ | എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ഡി.സി.എ./ ഡി.റ്റി.പി സർട്ടിഫിക്കറ്റും, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ഡി.റ്റി.പി. രംഗത്ത് രണ്ട് വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം. | 36 വയസ് കവിയാൻ പാടില്ല |
| 12. റിസപ്ഷനിസ്റ്റ് | അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ ലഭിച്ചിട്ടുള്ള ബിരുദവും, സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്നും എം.എസ്. ഓഫീസ്/ഓഫീസ് ഓട്ടോമേഷനിൽ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റും, ഏതെങ്കിലും സ്ഥാപനത്തിൽ 5 വർഷത്തെ പ്രവർത്തി പരിചയവും | 36 വയസ് കവിയാൻ പാടില്ല |
| 13. ഡ്രൈവർ | 8-ാംതരം വിജയവും, എൽ.എം.വിയും ബാഡ്ജും | 36 വയസ് കവിയാൻ പാടില്ല. |
| 14. പ്യൂൺ | എട്ടാം ക്ലാസ് വിജയിച്ചിരിക്കണം. നല്ല കായിക ക്ഷമതയും ഉണ്ടായിരിക്കണം. സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അഭിലഷണീയം | 36. വയസ് കവിയാൻ പാടില്ല |
| 15. സ്വീപ്പർ | നാലാം ക്ലാസ്സ് പഠനവും നല്ല കായികക്ഷമതയും ഉണ്ടായിരിക്കണം. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സമാന തസ്തികയിലുള്ള രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അഭിലഷണീയം. | 46 വയസ് കവിയാൻ പാടില്ല |

എസ്.സി.ഇ.ആർ.ടിയിലെ തസ്തിക

| | | |
|---|---|---|
| 16. ലൈബ്രറി അസിസ്റ്റന്റ് | ലൈബ്രറി സയൻസിൽ ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനം അഭിലഷണീയം | 36 വയസ് കവിയാൻ പാടില്ല |
| 17. പ്രിന്റർ | പ്രിന്റിംഗ് ടെക്നോളജിൽ ഡിപ്ലോമ തത്തുല്യ യോഗ്യത | 36 വയസ് കവിയാൻ പാടില്ല. |
| 18. ബൈന്റർ | ബൈന്റിംഗിൽ കെ.ജി.റ്റി.എ. - ലോവർ | 36 വയസ് കവിയാൻ പാടില്ല |

എല്ലാ തസ്തികകളിലേക്കും കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം, എസ്.സി.ഇ.ആർ.ടി ഗവേണിംഗ് ബോഡി തീരുമാനങ്ങൾക്കനുസരിച്ചുള്ള വേതനം നിശ്ചയിക്കുന്നതാണ്.

അപേക്ഷകൾ തസ്തികയുടെ പേര്, അപേക്ഷകന്റെ പേര്, മേൽവിലാസം, വിദ്യാഭ്യാസയോഗ്യത, ജനന തീയതി, വയസ്സ്, പ്രവൃത്തിപ
അപേക്ഷ തയ്യാറാക്കി വിദ്യാഭ്യാസ
രിചയം, പട്ടികജാതി/പട്ടിക വർഗ്ഗം/മറ്റു പിന്നോക്ക സമുദായം തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ ... സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ
യോഗ്യത, വയസ്സ്, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള ... എസ്.സി.ഇ.ആർ.ടിയിലും കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലും നിലവിൽ ജോലി ചെയ്ത് വരു
പകർപ്പുകൾ സഹിതം അപേക്ഷിക്കേണ്ടതാണ്.
ന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സംവരണ സമുദായങ്ങൾക്ക് നിർദ്ദിഷ്ട പ്രായപരിധിയിൽ ഇളവും എസ്.സി.ഇ.ആർ.ടിയിലും കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിലും ജോലി നോക്കിയിരുന്നവർക്ക് എസ്.സി.ഇ.ആർ.ടി ഗവേണിംഗ് ബോഡി തീരുമാനപ്രകാരമുള്ള ഇളവും അനുവദിക്കുന്നതാണ്.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 11.05.2012 വൈകുന്നേരം 5 മണിക്ക് മുമ്പ്.

അപേക്ഷകൾ അയക്കേണ്ട വിലാസം - ഡയറക്ടർ,
എസ്.സി.ഇ.ആർ.ടി
വിദ്യാഭവൻ, പൂജപ്പുര പി.ഒ.,
തിരുവനന്തപുരം- 695012

അപേക്ഷ കവറിനു മുകളിൽ തസ്തികയുടെ പേര് നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. ഒന്നിൽ കൂടുതൽ തസ്തികകളിൽ അപേക്ഷിക്കുന്നവർ പ്രത്യേകം അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

20.03.2011 ലെ നോട്ടിഫിക്കേഷൻ പ്രകാരം ജില്ലാ കോഡിനേറ്റർ, ക്ലറിക്കൽ അസിസ്റ്റന്റ്. എക്സിക്യൂട്ടീവ് അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല

(ഒപ്പ്)
ഡയറക്ടർ